**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4276** **01-07-2024 - ൽ മറുപടിയ്ക്ക്**

**കഴക്കൂട്ടം സബ്ട്രഷറിയിൽ നിന്ന് പണം അപഹരിച്ച സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കഴക്കൂട്ടം സബ്ട്രഷറിയിലെ ജീവനക്കാർ വ്യാജ ചെക്കുണ്ടാക്കി മരണപ്പെട്ടവരുടെ അക്കൗണ്ടിൽ നിന്നും പണം അപഹരിച്ചു എന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ; | (എ) | കഴക്കൂട്ടം സബ് ട്രഷറിയിലെ ജീവനക്കാർ വ്യാജ ചെക്കുണ്ടാക്കി മരണപ്പെട്ടവരുടെ അക്കൗണ്ടിൽ നിന്നും പണം അപഹരിച്ച സംഭവത്തെ ഗൗരവമായിത്തന്നെ കാണുന്നു. കഴക്കൂട്ടം സബ് ട്രഷറിയിലെ നിലവിലുള്ള നാല് PTSB അക്കൗണ്ടുകളിലേയ്ക്ക് വ്യാജ ചെക്ക് ബുക്കുകൾ ഇഷ്യൂ ചെയ്ത് ആയതിലെ ചെക്ക് ലീഫുകൾ ദുരുപയോഗം ചെയ്ത് 2024 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിൽ 15,10,000/- രൂപ അപഹരിക്കുകയുണ്ടായി. ടി വിഷയവുമായി ബന്ധപ്പെട്ട് കഴക്കൂട്ടം സബ് ട്രഷറിയിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി.എൻ.എസ്.ശാലി, സീനിയർ അക്കൗണ്ടന്റ് ശ്രീ.ബി.ഗിരീഷ് കുമാർ, ജൂനിയർ അക്കൗണ്ടന്റുമാരായ ശ്രീ.എൻ.ഷാജഹാൻ, ശ്രീ.എസ്.വിജയരാജ്, ട്രഷറർ ശ്രീ.എം.മുജീബ്, തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി എസ്.എസ്.സുജ (കഴക്കൂട്ടം സബ് ട്രഷറിയിലെ മുൻ ജൂനിയർ സൂപ്രണ്ട്) എന്നീ 6 ജീവനക്കാരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യുകയുണ്ടായി. ഇത് സംബന്ധിച്ച് കഴക്കൂട്ടം പോലീസ് സ്റ്റേഷനിൽ രണ്ട് FIR-കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസിൽ ജൂനിയർ അക്കൗണ്ടന്റ് ശ്രീ.എസ്.വിജയരാജിനെ പോലീസ് അറസ്റ്റ് ചെയ്യുകയും ടിയാൻ റിമാന്റിൽ തുടരുകയുമാണ്. പോലീസ്/ വകുപ്പുതല നടപടികൾ ഊർജ്ജിതമായി മുന്നോട്ടുപോകുന്നു. |
| (ബി) | സമാനമായ തട്ടിപ്പ് മറ്റു സബ്ട്രഷറികളിലും നടക്കാനുള്ള സാധ്യത മുൻനിർത്തി സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഇത്തരത്തിലുള്ള ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കുന്നതിലേക്കായി ട്രഷറി സോഫ്റ്റ് വെയറിലും ട്രഷറി ഇടപാടുകളുടെ നടപടിക്രമങ്ങളിലും കാതലായ മാറ്റം ഇതിനോടകം തന്നെ വരുത്തിയിട്ടുണ്ട്. അതോടൊപ്പം ട്രഷറി ഇടപാടുകളുടെ സുരക്ഷിതത്വത്തിനും സുതാര്യതയ്ക്കുമായി കൂടുതൽ |

| | | | |
|---|---|---|---|
| | | | സുരക്ഷാ ക്രമീകരണങ്ങൾ നടപ്പിൽ വരുത്തുവാൻ തീരുമാനിക്കുകയും ആയത് സം ബന്ധിച്ചുള്ള നടപടികൾ ത്വരിതഗതിയിലുമാണ്. |
| (സി) | ട്രഷറി സംവിധാനത്തിലെ പഴുതുകൾ അടയ്ക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; വിശദമാക്കുമോ? | (സി) | ട്രഷറിയിൽ ഇത്തരത്തിലുള്ള തട്ടിപ്പുകൾ ആവർത്തിക്കാതിരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ട്രഷറിയിൽ ഇത്തരത്തിലുള്ള തട്ടിപ്പുകൾ ആവർത്തിക്കാതിരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ

- ട്രഷറി വകുപ്പിൽ എല്ലാ ജീവനക്കാർക്കും PEN അടിസ്ഥാനത്തിൽ ഐ.പി ബൈൻഡ് ചെയ്ത് നൽകിയിട്ടുണ്ട്. അപ്രകാരം ഐ.പി ബൈൻഡ് ചെയ്തിട്ടുള്ള കമ്പ്യൂട്ടർ മുഖാന്തിരം മാത്രമെ ബന്ധപ്പെട്ട ജീവനക്കാരന് സ്വന്തം യൂസർ ഐഡി-യും പാസ്സ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്യാൻ കഴിയുകയുള്ളൂ. ട്രഷറി ഓഫീസർ UMAS (User Management Authentication system) ആപ്ലിക്കേഷനിൽ എല്ലാ ജീവനക്കാർക്കും അതത് ദിവസത്തെ പ്രവർത്തി നിശ്ചയിച്ച് (role mapping) നൽകുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ജീവനക്കാർക്ക് അവരിൽ നിക്ഷിപ്തമായ നിർദ്ദിഷ്ട ചുമതല നിർവ്വഹിക്കുവാൻ കഴിയുകയുള്ളൂ. അതിൻപ്രകാരം ട്രഷറി ഇടപാടുകൾ നടത്തുന്നതിനായി ജീവനക്കാരൻ ബയോമെടിക് പഞ്ചിംഗ് സംവിധാനത്തിൽ അറ്റൻഡൻസ് രേഖപ്പെടുത്തിയതിന് ശേഷം ട്രഷറി ഇടപാടുകൾ നടത്തുന്നതിന് Core-TIS എന്ന ആപ്ലിക്കേഷനിൽ തനിക്ക് നിശ്ചയിച്ചിട്ടുള്ള ഐ.പി മുഖാന്തിരം പ്രവേശിച്ച് ആധാറിന്റെ അവസാനത്തെ എട്ട് അക്കങ്ങൾ രേഖപ്പെടുത്തുമ്പോൾ ജീവനക്കാരന്റെ രജിസ്റ്റേർഡ് മൊബൈൽ നമ്പറിൽ 24 മണിക്കൂർ മാത്രം വാലിഡിറ്റിയുള്ള ഒരു OTP ലഭിക്കുന്നു. ഇത് ഉപയോഗിച്ച് മാത്രമേ അന്നേദിവസം ഇടപാടുകൾ നടത്തുന്നതിനായി ബന്ധപ്പെട്ട ജീവനക്കാരന് ആപ്ലിക്കേഷനിൽ ലോഗിൻ ചെയ്യാൻ കഴിയുകയുള്ളു.
- ഓൺലൈൻ ഇടപാടുകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിലേയ്ക്കായി ഇടപാടുകാരുടെ പാസ്സ് വേർഡ് നിശ്ചിത ഇടവേളകളിൽ നിർബന്ധിതമായി മാറ്റുന്നതിനുള്ള സംവിധാനം tsbonline.kerala.gov.in എന്ന വെബ് സൈറ്റിൽ ഏർപ്പെടുത്തിയിട്ടുമുണ്ട് .
- രണ്ട് ദിവസത്തിലധികം അവധിയിൽ പ്രവേശിക്കുന്നവരുടെയും വിരമിക്കുന്നവരുടെയും എൽ.പി.ആർ-ൽ പ്രവേശിക്കുന്നവരുടെയും വി.ആർ.എസ് എടുക്കുന്നവരുടെയും യൂസർ ഐഡി-യും പാസ്വേഡും സ്വയം നിഷ്ക്രിയമാകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.
- സൈബർ സുരക്ഷ മുൻനിർത്തി എല്ലാ ട്രഷറി ആപ്ലിക്കേഷനുകളും ദേശീയ ഏജൻസിയായ STQC മുഖേന സെക്യൂരിറ്റി ഓഡിറ്റ് നടത്തിയിട്ടുണ്ട്. ആയതിന്റെ കാലാവധി കഴിയുന്ന മുറക്ക് വീണ്ടും സെക്യൂരിറ്റി ഓഡിറ്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം എല്ലാ ട്രഷറി ആപ്ലിക്കേഷനുകളുടെയും Functional Audit നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.
- എല്ലാ ട്രഷറി ഇന്റർനെറ്റ് അധിഷ്ഠിത വെബ് സൈറ്റുകളുടെയും സുരക്ഷ ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി SSL (Secure Sockets Layer) സർട്ടിഫിക്കറ്റുകൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട് . അവയുടെ കാലാവധി കഴിയുന്ന മുറയ്ക്ക് പുതുക്കുന്നുമുണ്ട് .
- SPARK ൽ രേഖപ്പെടുത്തിയിട്ടുള്ള ഔദ്യോഗിക വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ ട്രഷറി ജീവനക്കാർക്ക് ട്രഷറി ആപ്ലിക്കേഷനുകളിലേക്കുള്ള പ്രവേശനം അനുവദിക്കുന്നുള്ളൂ.
- എല്ലാ ട്രഷറികളിലും സി.സി.ടി.വി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് .
- ഒരു ട്രഷറി ഇടപാട് നടക്കുമ്പോൾ ആയത് ഏത് ജീവനക്കാരന് assign ചെയ്തു നൽകിയിട്ടുള്ള ഐ.പി മുഖാന്തരമാണ് നടന്നിട്ടുള്ളതെന്നും ഏത് ജീവനക്കാരന്റെ യൂസർ ഐഡി-യും പാസ്സ്‌വേർഡും ഉപയോഗിച്ച് എപ്പോഴാണ് ടി ഇടപാട് നടന്നിട്ടുള്ളതെന്നും വ്യക്തമായി മനസ്സിലാക്കുന്നതിനുള്ള സംവിധാനം ട്രഷറിയിൽ നിലവിൽ ഏർപ്പെടുത്തിയിട്ടുണ്ട്.
- ട്രഷറിയിൽ നിന്ന് പണം പിൻവലിക്കുമ്പോൾ പ്രസ്തുത വിവരം SMS മുഖേന അക്കൗണ്ടുടമയുടെ KYC-യിൽ രേഖപ്പെടുത്തിയിട്ടുള്ള മൊബൈൽ നമ്പരിലേയ്ക്ക് അറിയിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ട്. അതോടൊപ്പം ചെക്ക് ബുക്ക് വിതരണം ചെയ്യുമ്പോഴും മേൽപ്രകാരം അക്കൗണ്ടുടമയ്ക്ക് SMS മുഖേന വിവരം ലഭിക്കുന്നതിനുള്ള സംവിധാനത്തിന്റെ ടെസ്റ്റിംഗ് നടന്നുകൊണ്ടിരിക്കുകയാണ് .

ട്രഷറി ഇടപാടുകളുടെ സുരക്ഷിതത്വത്തിനും സുതാര്യതയ്ക്കുമായി ഉടൻ പ്രാബല്യത്തിൽ വരുത്തുവാൻ തീരുമാനിച്ചിട്ടുള്ള സുരക്ഷാ ക്രമാകരണങ്ങൾ /മാനദണ്ഡങ്ങൾ

- എല്ലാ അക്കൗണ്ടുടമകൾക്കും നിർബന്ധമായും e-KYC സംവിധാനം.
- ആറ് മാസം ഇടപാടുകൾ നടത്താത്ത അക്കൗണ്ടുകൾ താൽക്കാലികമായി മരവിപ്പിക്കുന്നതിനുള്ള സംവിധാനം.
- ഒരു അക്കൗണ്ടുടമയ്ക്ക് ഇഷ്യൂ ചെയ്തിട്ടുള്ള ചെക്ക് ബുക്കിലെ മൂന്ന് ചെക്ക് ലീഫുകൾ അവശേഷിക്കുമ്പോൾ മാത്രം പുതിയ ചെക്ക് ബുക്ക് അനുവദിക്കുന്നതിനുള്ള സംവിധാനം .
- ഇടപാടുകാരന്റെ മൊബൈലിലേക്ക് വരുന്ന OTP-യുടെ അടിസ്ഥാനത്തിൽ മാത്രം പുതിയ ചെക്ക് ബുക്ക് ഇഷ്യൂ ചെയ്യുന്ന സംവിധാനം .
- ഇടപാടുകാരുടെ രജിസ്റ്റേർഡ് മൊബൈൽ നമ്പർ മാറ്റുന്നതിന് പഴയ മൊബൈൽ നമ്പരിൽ ലഭിക്കുന്ന ഇ-സന്ദേശത്തിലൂടെ മാത്രമെ സാധിക്കുകയുള്ളൂ എന്ന സംവിധാനം.
- പെൻഷൻ നിർത്തലാക്കുമ്പോൾതന്നെ പെൻഷണേഴ്സ് ട്രഷറി സേവിംഗ്സ് ബാങ്ക് (PTSB) അക്കൗണ്ടിലെ ഇടപാടുകൾ സ്വയം മരവിക്കുന്ന സംവിധാനം.
- ട്രഷറി പെൻഷൻ ആപ്ലിക്കേഷനിൽ LSGD-K-SMART- മായി സംയോജിപ്പിച്ച്, പെൻഷൻകാർ മരണപ്പെടുമ്പോൾ പ്രസ്തുത വിവരം ലഭ്യമാക്കി പെൻഷൻ നിർത്തലാക്കുന്ന സംവിധാനം.
- ബാങ്കിങ് സെക്ടറുമായി കിടപിടിക്കുന്ന രീതിയിലുള്ള സോഫ്റ്റ് വെയർ സംവിധാനം നടപ്പിലാക്കുന്നതിനായി ബാങ്കിങ് സോഫ്റ്റ് വെയർ ഡെവലപ്പേഴ്സുമായുള്ള ചർച്ചകളും ആയതിന്മേലുള്ള തുടർ ക്രമീകരണങ്ങളും.

സെക്ഷൻ ഓഫീസർ